**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2956** **14-02-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ സേഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 677 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | ഈ സാമ്പത്തിക വർഷം എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 33 പേർക്ക് ഈ സാമ്പത്തികവർഷം ആനുകൂല്യം അനുവദിക്കാൻ കഴിയും. |
| (സി) | നിലവിൽ പ്രസ്തുത ആനുകൂല്യത്തിന് അർഹത ലഭിച്ചവർക്ക് എത്ര ഗഡു ധനസാഹയം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽ അർഹത ലഭിച്ച 95 ഗുണഭോക്താക്കളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച 73 പേർക്ക് മൂന്നാം ഗഡു വിതരണം ചെയ്തിട്ടുണ്ട്. 17 പേർക്ക് രണ്ടാം ഗഡുവും, 5 പേർക്ക് ഒന്നാം ഗഡുവും വിതരണം ചെയ്തിട്ടുണ്ട്. ആയതിലേക്ക് ആകെ 1,50,49,750/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ